കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ല – കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് - 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഗ്രന്ഥശാലകൾക്ക് പുസ്തകവിതരണം എന്ന പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുവാൻ ഒരുലക്ഷംരൂപ (1,00,000/-രൂപ) ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.1884/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 17.07.2013

---

പരാമർശം:
1. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 13.12.12-ൽ കൂടിയ സാധാരണ/ അടിയന്തിര മീറ്റിംഗിലെ V (16)-ാം നമ്പർ തീരുമാനം.
2. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 04.01.13-ലെ ഇ.301/10-ാം നമ്പർ കത്ത്.
3. ഗ്രാമവികസന കമ്മീഷണറുടെ 17.04.13-ലെ 5813/ഡിപി3/13/സിആർഡി നമ്പർ കത്ത്
4. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കാസർഗോഡ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 6.6.13-ലെ എൽ.എഫ്.കെ.എസ്.ഡി8/451/13-ാം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2006-07 സാമ്പത്തിക വർഷത്തെ പദ്ധതിയിലെ വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഒരു ലക്ഷം രൂപ അടങ്കലായി "ഗ്രന്ഥശാലകൾക്ക് പുസ്തക വിതരണം" എന്ന പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുകയുണ്ടായി. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 മൂന്നാം പട്ടിക പ്രകാരം ഗ്രന്ഥശാലകളുടേയും പഠനശാലകളുടേയും നടത്തിപ്പും പ്രോത്സാഹനവും ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്. ബ്ലോക്ക് പഞ്ചായത്തിന് വായനശാലകളുടെയും ഗ്രന്ഥശാലകളുടേയും നടത്തിപ്പിലും പ്രോത്സാഹനത്തിലും യാതൊരുവിധ ഉത്തരവാദിത്വവും ഇല്ല എന്ന കാരണത്താൽ മേൽ പ്രോജക്ടിനായി ഒരു ലക്ഷം രൂപ ചെലവഴിച്ച നടപടി 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തുകയുണ്ടായി.

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ "ഗ്രന്ഥ ശാലകൾക്ക് പുസ്തകവിതരണം" എന്ന പ്രോജക്ട് തയ്യാറാക്കുകയും

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കേരള ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾക്ക് സ്റ്റോർപർച്ചേസ് നിയമപ്രകാരം പുസ്തകം വാങ്ങി വിതരണം ചെയ്ത് പ്രോജക്റ്റ് പൂർത്തീകരിക്കുകയും ചെയ്തു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമീണ പ്രദേശത്തുള്ള ഗ്രന്ഥശാലകളെ പ്രോത്സാഹിപ്പിക്കുകയെന്ന സദുദ്ദേശത്തോടുകൂടി തയ്യാറാക്കിയ പ്രോജക്റ്റ് ആയതിനാൽ സാധൂകരണം തേടണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ പരാമർശം 1-ലെ തീരുമാനം സഹിതം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാധൂകരണത്തിനായി പരാമർശം 2-ലെ കത്ത് സഹിതം അപേക്ഷിച്ചിരിക്കുന്നു. പരാമർശം 3-ലെ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണറും പരാമർശം 4-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കാസർഗോഡ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ പാരമർശം 1-ലെ തീരുമാനത്തിന്റെയും ഗ്രാമവികസന കമ്മീഷണറുടെ പരാമർശം 3-ലെ കത്തിന്റെയും, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം 4-ലെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയ (1,00,000/- രൂപ) ഒരു ലക്ഷം രൂപ ചെലവഴിച്ച കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജവഹറ ബീവി.എ
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , വികാസ് ഭവൻ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.